# ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്


**എസ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ്, ഉദ്യോഗമണ്ഡൽ**

ഫോൺ: 0484-2555605, 2567298, 2567598 Intercom: 7298, 7598.

Web site: www.fact.co.in


## ക്വട്ടേഷൻ നോട്ടീസ്

**Quotation No.M/04/2018 dated 02.07.2018**

വിഷയം: ഫാക്ട് ഉദ്യോഗമണ്ഡൽ ടൗൺഷിപ്പിലെ റോഡുകളുടെ വശങ്ങൾ, എം കെ കെ നായർ ഹാൾ, ഹെഡ് ഓഫീസ്, മാർക്കറ്റിങ് ഓഫീസ്, ഫിൽറ്റർ പ്ലാന്റ്, പ്ലാന്റ് ഏരിയ, മറ്റു കമ്പനി സ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിൽക്കുന്ന പുല്ലുകൾ, ചെറിയ ചെടികൾ, കാടുകൾ, വള്ളിപ്പടർപ്പുകൾ, തടസ്സമായി നിൽക്കുന്ന ചെറിയ മരങ്ങൾ തുടങ്ങിയവ വെട്ടിമാറ്റി വെട്ടിയവ ക്ലിയർ ചെയ്ത് എസ്റ്റേറ്റ് ഓഫീസ് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കുന്നതിനു വേണ്ടി ചതുരശ്ര മീറ്റർ നിരക്കിൽ കരാർ നൽകുന്നതു സംബന്ധിച്ച്:-

ഫാക്ട് ഉദ്യോഗമണ്ഡൽ ടൗൺഷിപ്പിലെ റോഡുകളുടെ വശങ്ങൾ, എം കെ കെ നായർ ഹാൾ, ഹെഡ് ഓഫീസ്, മാർക്കറ്റിങ് ഓഫീസ്, ഫിൽറ്റർ പ്ലാന്റ്, ഉദ്യോഗമണ്ഡൽ/ പെട്രോകെമിക്കൽ/ആർഎപി പ്ലാന്റ് ഏരിയ, മറ്റു കമ്പനി സ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിൽക്കുന്ന പുല്ലുകൾ, ചെറിയ ചെടികൾ, കാടുകൾ, വള്ളിപ്പടർപ്പുകൾ, തടസ്സമായി നിൽക്കുന്ന ചെറിയ മരങ്ങൾ തുടങ്ങിയവ വെട്ടിമാറ്റി വെട്ടിയവ ക്ലീൻ ചെയ്ത് എസ്റ്റേറ്റ് ഓഫീസ് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കുന്നതിനു വേണ്ടി ചതുരശ്ര മീറ്റർ നിരക്കിൽ കരാർ എടുക്കുവാൻ താൽപ്പര്യമുള്ള പരിചയ സമ്പന്നരായ കരാറുകാരിൽനിന്നും താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷൻ ഫോറം, നിബന്ധനകൾ, വ്യവസ്ഥകൾ തുടങ്ങിവ ഫാക്ട് ഉദ്യോഗമണ്ഡൽ എസ്റ്റേറ്റ് ഓഫീസിൽ നിന്നും 09.07.2018 മുതൽ 23.07.2018 വരെ 200 രൂപ നിരക്കിൽ ലഭ്യമാണ്.

### വ്യവസ്ഥകൾ

1. താൽപ്പര്യമുള്ള കരാറുകാരൻ 5,000 രൂപ (അയ്യായിരം രൂപ) നിരതദ്രവ്യം ഉദ്യോഗമണ്ഡൽ എസ് ബി ഐയിലെ എഫ് എ സി ടിയുടെ അക്കൗണ്ട് നമ്പർ 67286055955-ൽ അടച്ച രസീത് / കമ്പനി ക്യാഷ് കൗണ്ടറിൽ അടച്ച രസീത് ക്വട്ടേഷനോടൊപ്പം വയ്ക്കേണ്ടതാണ്. യോഗ്യതാ നിർണ്ണയ രേഖകൾ (പ്രീക്വാളിഫിക്കേഷൻ മാനദണ്ഡമനുസരിച്ചുള്ള രേഖകൾ) ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യത്തിന് പലിശ ലഭിക്കുന്നതല്ല.
2. കരാറുകാരൻ, ജോലിയ്ക്കു ഏർപ്പെടുത്തുന്ന ജോലിക്കാർ, സഹായികൾ എന്നിവർക്ക് വേണ്ട പരിചയ യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

3. ജോലിക്ക് ഏർപ്പെടുത്തുന്നവർക്ക് ഇ എസ് ഐ, പി എഫ് വേണ്ടതാണ്. രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ എടുക്കേണ്ടതാണ്.
4. ക്വട്ടേഷൻ ലഭിച്ച കരാറുകാരൻ വർക്കോർഡർ കിട്ടിയ ദിവസം മുതൽ കമ്പനി ആവശ്യപ്പെടുന്നത് അനുസരിച്ച് പരിചയസമ്പന്നരായ ജോലിക്കാരേയും, നല്ല പ്രവർത്തന ശേഷിയുള്ള ബ്രഷ് / ബ്ലേഡ് കട്ടിങ്ങ് മെഷീനും (Weed Cutter) നൽകേണ്ടതാണ്. കരാറുകാരന്റെ കൈവശം കുറഞ്ഞത് 5 (അഞ്ച്) മെഷീനുകളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. മെഷീനുവേണ്ട ഇന്ധനം, ഓയിൽ, സ്പെയർ പാർട്ട്സുകൾ, റിപ്പയറുകൾ തുടങ്ങി എല്ലാവിധ ചിലവുകളും കരാറുകാരൻ സ്വന്തം ചിലവിൽ ചെയ്യേണ്ടതാണ്. കമ്പനിക്ക് ഇതിൽ യാതൊരുവിധ ഉത്തരവാദിത്ത്വവും ഉണ്ടാകുന്നതല്ല. കമ്പനി കരാർ അനുസരിച്ചുള്ള പുല്ല്, കാട് വെട്ടി ക്ലീൻ ചെയ്യുന്നതിന് ചതുരശ്ര മീറ്റർ നിരക്കുവച്ചുള്ള തുകമാത്രം നൽകുന്നതായിരിക്കും.
5. കാടും പുല്ലും വെട്ടുന്നതിനുവേണ്ട ഉപകരണങ്ങൾ (വാക്കത്തി, കോടാലി, വാൾ, വെട്ടുകത്തി, കൈക്കോടാലി, Weed Cutter തുടങ്ങിയവ) കരാറുകാരൻ സ്വന്തം ചെലവിൽ കൊണ്ടുവരേണ്ടതാണ്. ആയതിന് പ്രത്യേക വാടകയോ, ആനുകൂല്യങ്ങളോ കമ്പനി നൽകുന്നതല്ല. കരാറുകാരന്റെ സാധനസാമഗ്രികൾ പണിയായുധങ്ങൾ തുടങ്ങിയവസ്തുക്കൾ സ്വന്തം ചുമതലയിൽ സൂക്ഷിക്കേണ്ടതാണ്.
6. പുല്ലുവെട്ടുന്നവർ, സഹായികൾ എന്നിവർക്ക് രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 മണി വരെയാണ് ജോലി സമയം. ഉച്ചയ്ക്ക് 12.30 മണി മുതൽ 1.30 മണി വരെ ഭക്ഷണ / വിശ്രമ സമയം ലഭിക്കും. ജോലിക്കാർ സമയ ക്ലിപ്തത പാലിക്കേണ്ടതാണ്.
7. കരാറുകാരൻ ഓരോ ദിവസവും ചെയ്യേണ്ട ജോലികൾ തലേദിവസം തന്നെ എസ്റ്റേറ്റ് മാനേജരിൽനിന്നും എഴുതി വാങ്ങേണ്ടതും അടുത്ത ദിവസം രാവിലെ കൃത്യസമയത്തുതന്നെ ജോലി തുടങ്ങേണ്ടതുമാണ്. എസ്റ്റേറ്റ് മാനേജരുടെ നിർദ്ദേശം അനുസരിച്ചുവേണം ജോലി ചെയ്യേണ്ടത്. ജോലിയുടെ കാര്യത്തിൽ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ആയത് എസ്റ്റേറ്റ് മേസ്തിരിയുമായി സംസാരിച്ച് വേണ്ട നിർദ്ദേശം വാങ്ങേണ്ടതാണ്.
8. കരാറുകാരൻ ഏൽപ്പിക്കുന്ന ജോലിക്കാർ എസ്റ്റേറ്റ് പ്രതിനിധി നിർദ്ദേശിക്കുന്ന സ്ഥലം മാത്രം ക്ലീൻ ചെയ്താൽ മതി.
9. എല്ലാദിവസവും ജോലി തുടങ്ങുന്നതിനുമുമ്പ് കരാറുകാരന് നൽകിയ ദിവസം ചെയ്യേണ്ട വർക്കിന്റെ ഏരിയ, ജോലി തുടങ്ങുന്ന സ്ഥലം കൃത്യമായി എസ്റ്റേറ്റുമേസ്ത്രിയെ ബോദ്ധ്യപ്പെടുത്തിയശേഷം തുടങ്ങണം. അതുപോലെ ആ ദിവസത്തെ ജോലി കഴിയുമ്പോൾ കരാർ പ്രകാരമുള്ള ജോലി ചെയ്തു തീർത്തത് എസ്റ്റേറ്റ് മേസ്ത്രിയെക്കൊണ്ട് അളന്നു രേഖപ്പെടുത്തേണ്ടതാണ്. ജോലി തുടങ്ങി കരാർ പ്രകാരം ചെയ്തുതീർക്കാത്തത് (ക്ലീൻ ജോലി മുഴുവൻ ആവാത്തത്) കരാർ പ്രകാരമുള്ള തുക നൽകുന്നതിനു അളക്കുന്നതല്ല. കരാർ പ്രകാരം എല്ലാം പരിപൂർണ്ണമായി ചെയ്തു തീർത്ത ശേഷം മാത്രമേ തുക നൽകുന്നതിനുവേണ്ടി അളക്കുയുള്ളൂ.

........3

10. പുല്ലുകൾ, കാടുകൾ, വള്ളിപ്പടർപ്പുകൾ, ചെറിയ ചെടികൾ തുടങ്ങിയവ തറയോടു ചേർന്നു ഭംഗിയായി വെട്ടിമാറ്റി ക്ലീൻ ചെയ്യേണ്ടതാണ്.
11. വെട്ടിയിട്ട പുല്ലുകൾ, ചെടികൾ, കാടുകൾ തുടങ്ങിയവ അത്യാവശ്യ സന്ദർഭങ്ങളിൽ 500 മീറ്റർവരെ ദൂരത്തിൽ കൊണ്ടുപോയി ഇടേണ്ടതാണ്. ആയതിനു വേണ്ട വാഹനം കരാറുകാരൻ സ്വന്തം ചിലവിൽ ചെയ്യേണ്ടതാണ്.
12. ജോലിചെയ്യുന്ന സ്ഥലങ്ങളുടെ മുൻഗണന എസ്റ്റേറ്റ് മേസ്ത്രി നൽകുന്നതനുസരിച്ചു ചെയ്യേണ്ടതാണ്.
13. സ്ക്കൂളിന്റെ സമീപം, സ്ക്കൂളിനു സമീപമുള്ള റോഡുകൾ തുടങ്ങിയ സ്ഥലത്തു ജോലി ചെയ്യുമ്പോൾ വളരെ സുരക്ഷയോടെയും സൂഷ്മതയോടെയും കൃത്യതയോടെയും വേണം ജോലി ചെയ്യേണ്ടത്.
14. കരാറുകാരൻ രാവിലെ 8.30 മുതൽ 9.30 വരെയും ഉച്ചതിരിഞ്ഞ് 3.30 മുതൽ 4.30 വരെയും റോഡുവശങ്ങളിലെ വെട്ടുകൾ ഒഴിവാക്കേണ്ടതണ്.
15. വെട്ടിയ പുല്ലുകൾ ചെറിയചെടികൾ പടർപ്പുകൾ തുടങ്ങിയവ എസ്റ്റേറ്റ് ഓഫീസിൽ നിന്ന് നിർദ്ദേശിക്കുന്ന സ്ഥലത്ത് ആർക്കും തടസ്സം ഇല്ലാത്ത രീതിയിൽ മാറ്റേണ്ടതാണ്. വാഹനം ആവശ്യമുള്ള സന്ദർഭങ്ങളിൽ കരാറുകാരൻ സ്വന്തം ചിലവിൽ വാഹനം തരപ്പെടുത്തേണ്ടതാണ്.
16. പുല്ലുകൾ, ചെടികൾ തുടങ്ങിയവ വെട്ടുന്ന അവസരത്തിൽ, ക്വാർട്ടേഴ്സ് നിവാസികൾക്കോ, പരിസരവാസികൾക്കോ, മറ്റു പലർക്കുമോ, കമ്പനി ജീവനക്കാർക്കോ, കമ്പനിയുടെ പ്രവർത്തനത്തിന് യാതൊരു തടസ്സമോ ബുദ്ധിമുട്ടോ വരുത്തുവാൻ പാടില്ല.
17. എസ്റ്റേറ്റ് മേസ്തിരി നിർദ്ദേശിച്ച ജോലി ചെയ്തു തീർന്നതിനുശേഷം അതാത് സ്ഥലങ്ങളിൽനിന്നും എസ്റ്റേറ്റ് ഓഫീസിൽനിന്നും തരുന്ന ലിസ്റ്റിൽ ജോലി ചെയ്ത വിവരം എഴുതി വാങ്ങേണ്ടതും അത് എസ്റ്റേറ്റ് ഓഫീസിൽ എത്തിയ്ക്കേണ്ടതുമാണ്. ആയതിന്റെ പകർപ്പ് കരാറുകാരൻ ബില്ലുകളോടൊപ്പം തരേണ്ടതാണ്.
18. എസ്റ്റേറ്റ് മാനേജർ ആവശ്യപ്പെടുന്നത്ര പരിചയമുള്ള ജോലിക്കാരേയും, മെഷീനും നൽകേണ്ടതാണ്. കമ്പനിയുടെ ആവശ്യം ഒരു ദിവസം മുമ്പേ കരാറുകാരനെ അറിയിക്കുന്നതാണ്. അത്യാവശ്യ ഘട്ടങ്ങളിൽ മുൻകൂർ അറിയിക്കാതെ തന്നെ ആവശ്യം അനുസരിച്ച് വർക്കു ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
19. വിജയിയായ കരാറുകാരൻ ക്വോട്ടു ചെയ്ത മൊത്തം തുകയുടെ 10% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കമ്പനിയിൽ അടയ്ക്കേണ്ടതും, രസീത് ഹാജരാക്കേണ്ടതുമാണ്. നിരതദ്രവ്യം ടി. സെക്യൂരിറ്റി തുകയിൽ വകകൊള്ളിച്ച് ബാക്കി അടയ്ക്കാവുന്നതാണ്.
20. കരാറുകാരൻ ആവശ്യമനുസരിച്ച് ആളെയും മെഷീനും തരാത്തപക്ഷം വൈകുന്ന ഓരോ ദിവസത്തിനും 250 രൂപ വച്ച് പിഴ ഈടാക്കുന്നതാണ്. മൂന്നു ദിവസത്തിൽ കൂടുതൽ വൈകിയാൽ കരാർ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ എടുക്കുന്നതാണ്. അങ്ങിനെയുള്ള കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് (10%) തിരികെ നൽകുന്നതല്ല. അപ്രകാരമുള്ള കരാറുകാരെ കമ്പനിയുടെ തുടർന്നുള്ള ടെൻഡറുകളിൽ പങ്കെടുപ്പിക്കുന്നതല്ല.

........4

21. ജോലിയ്ക്കു ഏർപ്പെടുത്തുന്ന ജോലിക്കാരന് ഗവണ്മെന്റ് നിശ്ചയിച്ച വേതനത്തിൽ കുറഞ്ഞ വേതനം കൊടുക്കുവാൻ പാടില്ല. ജോലിചെയ്യുന്ന സമയത്ത് ജോലിക്കാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഈ കരാറുപ്രകാരമുള്ള തൊഴിലാളികൾക്ക് എഫ് എ സി ടിയിലെ തൊഴിൽ സംബന്ധിച്ച് യാതൊരുവിധ ക്ലെയ്മും ലഭിക്കുന്നതല്ല.
22. കരാറുകാരൻ ഏർപ്പെടുത്തുന്ന എല്ലാജോലിക്കാർക്കും ബന്ധപ്പെട്ട അതാത് പോലീസ് സ്റ്റേഷനിൽ നിന്നുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എസ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ മാത്രമേ കമ്പനിയിൽനിന്നും ജോലിയ്ക്കു നിർത്തുവാനുള്ള പാസ്സ് ലഭിയ്ക്കുകയുള്ളൂ.
23. അത്യാവശ്യഘട്ടങ്ങളിൽ വൈകുന്നേരങ്ങളിലും രാത്രിയിലും ജോലിക്കാരെയും മെഷീനും നൽകുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ആയതിന് കരാർ പ്രകാരമുള്ള തുക നൽകുന്നതാണ്.
24. എസ്റ്റേറ്റ് മാനേജർ സർട്ടിഫൈ ചെയ്യുന്ന ജോലിക്കു മാത്രമേ വേതനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. സാധാരണഗതിയിൽ, ജോലിയുടെ ആവശ്യം അനുസരിച്ചു ആഴ്ചയിൽ ആറു പ്രവൃത്തി ദിവസങ്ങളിൽ ജോലി ഉണ്ടാകുന്നതാണ്. എന്നാൽ ഒരു ആഴ്ചയിൽ ഇത്ര പ്രവൃത്തിദിനങ്ങൾ നൽകും എന്നതിന് ഒരു ഉറപ്പും നൽകുന്നതല്ല. അത്യാവശ്യ ഘട്ടങ്ങളിൽ അവധി ദിവസങ്ങളിലും ഞായറാഴ്ചയിലും ജോലിചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
25. കരാറുകാരനോ കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികളോ കരാർ പ്രകാരമുള്ള ജോലി ചെയ്യുന്നില്ല എങ്കിൽ ചെയ്ത ജോലിക്ക് വർക്ക് ഓർഡർ പ്രകാരമുള്ള തുക നൽകുന്നതല്ല.
26. ഈ ക്വട്ടേഷനിലെ വ്യവസ്ഥകളിൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ എസ്റ്റേറ്റ് മാനേജരുമായി ബന്ധപ്പെട്ട് സംശയം തീർക്കേണ്ടതാണ്.
27. ജോലിയിൽ ഏർപ്പെടുന്ന ജോലിക്കാർ പുല്ലുകൾ, വെട്ടിയിട്ടിരിക്കുന്ന മരങ്ങൾ, മരക്കൊമ്പുകൾ, കമ്പനി സാധന സാമഗ്രികൾ എന്നിവ എടുക്കുവാനോ കൊണ്ടുപോകുവാനോ പാടില്ല. അതു ശ്രദ്ധയിൽപെട്ടാൽ ക്വട്ടേഷൻ റദ്ദു ചെയ്യുന്നതും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതുമല്ല. കമ്പനി അനുവാദം ഇല്ലാതെ യാതൊരു സാധനവും ടൗൺഷിപ്പിൽ നിന്ന് കൊണ്ടുപോകുവാൻ പാടുള്ളതല്ല.
28. പുല്ല്, കാട് മുതലായവ വെട്ടുമ്പോൾ കമ്പനി സാമഗ്രികൾക്കോ, ക്വാർട്ടേഴ്സ് നിവാസികൾക്കോ, പരിസരവാസികൾക്കോ, മറ്റുള്ളവർക്കോ, മറ്റുള്ളവരുടെ വാഹനങ്ങൾക്കോ എന്തെങ്കിലും നഷ്ടമോ, കേടുപാടുകളോ ഉണ്ടായാൽ ആയതു കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹാരം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ആയതിനുള്ള തുക ബിൽ തുകയിൽ നിന്നും ഈടാക്കുന്നതാണ്.
29. കരാറുകാരൻ ജോലിയ്ക്ക് ഏർപ്പെടുത്തുന്നവർക്ക് എസ്റ്റേറ്റ് ഓഫീസിൽ നിന്നും ഫോട്ടോ പതിച്ച പാസ്സ് വാങ്ങി വയ്ക്കേണ്ടതും കമ്പനി ഉദ്യോഗസ്ഥർ / സി ഐ എസ് എഫ് എന്നിവർ ആവശ്യപ്പെടുന്ന സമയത്ത് ഈ പാസ്സ് കാണിക്കേണ്ടതുമാണ്. കരാർ തീരുന്ന മുറയ്ക്ക് ഈ പാസ്സ് എസ്റ്റേറ്റ് ഓഫീസിൽ തിരികെ ഏൽപ്പി

........5

ക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തിരികെ ഏൽപ്പിക്കാത്ത ഓരോ പാസ്സിനും 100 രൂപ പ്രകാരം കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ഈടാക്കുന്നതാണ്.

30. കരാറുകാരൻ പാൻകാർഡിന്റെ കോപ്പി ക്വട്ടേഷൻ ഫോറത്തോടൊപ്പം വയ്ക്കേണ്ടതാണ്.
31. ഈ ജോലിയ്ക്ക് ബാധകമായ എല്ലാ നികുതികളും ബിൽ തുകയിൽ നിന്നും ഈടാക്കുന്നതാണ്.
32. ടെണ്ടർ ഫോറത്തിൽ പറഞ്ഞിരിക്കുന്ന 1,30,000 സ്ക്വയർ മീറ്റർ ഏരിയ ഏകദേശ അളവു മാത്രമാണ്. ഏരിയ കുറയുവാനും കൂടുവാനും സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ കമ്പനിയുടെ തീരുമാനം അന്തിമമായിരിക്കും.
33. ടെണ്ടർ ഫോറത്തിൽ പറഞ്ഞിരിക്കുന്നതല്ലാത്ത സ്ഥലത്തും (അതായത് ടൗൺഷിപ്പിനും പ്ലാന്റ് ഏരിയായ്ക്കും പുറത്ത്) അത്യാവശ്യ ഘട്ടങ്ങളിൽ കമ്പനി ആവശ്യപ്പെടുന്നപക്ഷം മേൽപ്പടി പുല്ലുവെട്ട് / ക്ലീനിങ്ങ് ജോലി ചെയ്യേണ്ടതാണ്. കമ്പനി വർക്ക് ഓർഡർ പ്രകാരമുള്ള നിരക്ക് നൽകുന്നതാണ്.
34. ഏർപ്പെടുത്തുന്ന ജോലിക്കാർക്ക് ജോലികൾക്കിടയിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ അതു കരാറുകാരന്റെ ചുമതലയിലായിരിക്കും. അവരുടെ ചികിത്സാ ചിലവ് എല്ലാം കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. ജോലികളിൽ ജോലിക്കാരെ ഏർപ്പെടുത്തുന്നതിനുമുമ്പ് ഇ എസ് ഐ, പി എഫ് രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.
35. ജോലിയ്ക്ക് ഏർപ്പെടുത്തുന്ന ജോലിക്കാരന്റെ ഓരോ മാസത്തേയും അറ്റൻഡൻസ് അടുത്ത മാസം 6-ാം തിയതിയ്ക്കുള്ളിൽ നിശ്ചിതഫോറത്തിൽ എഴുതി ജോലിക്കാരുടെ ഒപ്പു സഹിതം എസ്റ്റേറ്റ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
36. ഓരോ മാസത്തേയും ബിൽ സബ്മിറ്റ് ചെയ്യുമ്പോൾ ജോലി ചെയ്ത ലിസ്റ്റിന്റെ പകർപ്പുകൂടി ചേർത്തുവേണം തരുവാൻ. ബിൽ സബ്മിറ്റ് ചെയ്തു ഒരു മാസത്തിനകം ബാധകമായ നികുതികൾ, ഇ എസ് ഐ, പി എഫ് തുക കഴിച്ച് ബിൽ തുക ലഭിയ്ക്കുന്നതാണ്.
37. കരാറുകാരന് കരാർ പ്രകാരം ചെയ്ത ജോലിക്ക് മാത്രം വർക്ക് ഓർഡർ അനുസരിച്ചുള്ള തുക നൽകുന്നതായിരിക്കും.
38. ജോലിയ്ക്കിടയിൽ മെഷീൻ റിപ്പയർ ചെയ്യേണ്ടിവന്നാൽ അതു കരാറുകാരന്റെ ചെലവിൽ റിപ്പയർ ചെയ്തു കൊണ്ടുവരേണ്ടതാണ്.
39. ഏതുവിധ സ്ഥലത്തായാലും (പാടം, കാട്, ഓടകൾക്കു സമീപം തുടങ്ങിയവ) കാട് വെട്ടി ക്ലീൻ ചെയ്തതിന് കരാറുപ്രകാരമുള്ള തുക മാത്രമേ നൽകുകയുള്ളൂ. വള്ളികൾ, വള്ളിപ്പടർപ്പുകൾ ക്ലീൻചെയ്യുന്ന സ്ഥലത്തുള്ളവ മുഴുവനായും ക്ലീൻചെയ്തു മാറ്റേണ്ടതാണ്. കരാറു കൂടാതെയുള്ള യാതൊരു തുകയും അധികമായി കമ്പനി നൽകുന്നതല്ല.
40. കാട്, പുല്ല് വെട്ടുന്ന സ്ഥലത്തേയ്ക്കുള്ള യാത്രാ ചെലവ്, ടൂൾസ്, മെഷീൻ തുടങ്ങിയവ കൊണ്ടുവരുന്നതിനുള്ള എല്ലാ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

........6

41. കരാറിന്റെ 1% വർക്ക്മെൻ കോമ്പൻസേഷൻ ആയി ഈടാക്കുന്നതാണ്.
42. അതാത് ദിവസം ഏൽപ്പിക്കുന്ന ജോലി കമ്പനി സാമഗ്രികൾക്കോ, ക്വാർട്ടേഴ്സ് നിവാസികൾക്കോ, മറ്റുള്ളവർക്കോ നഷ്ടവും ബുദ്ധിമുട്ടും വരുത്താതെ നിശ്ചിത സമയത്തിനുള്ളിൽ തീർക്കേണ്ടതാണ്.
43. കരാറുകാരൻ കമ്പനിയുടെ എല്ലാവിധ സേഫ്റ്റി നിയമങ്ങളും, സെക്യൂരിറ്റി സി ഐ എസ് എഫിന്റെ നിർദ്ദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്. കരാറുകാരൻ ജോലിക്കാർക്ക് വേണ്ട എല്ലാ സേഫ്റ്റി ഉപകരണങ്ങളും സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്. സേഫ്റ്റി ഉപകരണങ്ങൾ കമ്പനി നൽകുന്നതല്ല.
44. ഫാക്ടറിക്കുള്ളിൽ ജോലിയുള്ളപ്പോൾ കൊണ്ടുപോകുന്ന ടൂൾസ്, മെഷീൻ, ഇന്ധനം തുടങ്ങിയവ സി ഐ എസ് എഫ് ഉദ്യോഗസ്ഥന്മാരെ കാണിച്ച് പാസ്സ് വാങ്ങിയതിനുശേഷം മാത്രമേ അകത്തു കൊണ്ടുപോകുവാൻ പാടുള്ളൂ. അതുപോലെ, ആവക സാധനങ്ങൾ തിരികെ കമ്പനിയിൽനിന്നും ജോലി തീർത്ത് മടങ്ങുമ്പോൾ സി ഐ എസ് എഫ് ഉദ്യോഗസ്ഥന്മാരെ കാണിച്ചു വേണ്ട റെക്കോഡുകളിൽ എഴുതേണ്ടതാണ്.
45. ജോലിക്കാരുടെ ഐ ഡി പ്രൂഫ് എസ്റ്റേറ്റ് ഓഫീസിൽ തരേണ്ടതാണ്.
46. ഈ കരാർ നടപ്പാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തർക്കം പിന്നീട് ഉണ്ടായാൽ ആയത് 1996-ലെ International Centre for Alternative Dispute Resolution (ICADR) ആർബിട്രേഷൻ റൂൾസ് അനുസരിച്ച് ആർബിട്രേഷനുവിടാൻ ഇരുകക്ഷികളും ഇതിനാൽ സമ്മതിക്കുന്നു. ആർബിട്രേറ്ററെ നിയമിക്കുവാനുള്ള അധികാരം ICADR എന്ന സ്ഥാപനത്തിനായിരിക്കും. ഒരു ആർബിട്രേറ്റർ മാത്രമേ ഉണ്ടാകൂ. ഭാഷ ഇംഗ്ലീഷ് ആയിരിക്കും. കേരളത്തിൽ എറണാകുളം ആയിരിക്കും ആർബിട്രേഷൻ നടക്കുന്ന സ്ഥലം.
47. ടെൻഡറുകാരൻ ഫാക്ടിൽ നിലവിലുള്ള 2012-ലെ ഫ്രോഡ് പ്രിവൻഷൻ പോളിസിയിലെ നിബന്ധനകൾ പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.
48. ISO 14001 മാനദണ്ഡമനുസരിച്ച് പരിസ്ഥിതി സംരക്ഷണമുള്ള ഒരു കമ്പനിയാണ്. ആയതിനാൽ ടെൻഡറുകാരൻ പരിസ്ഥിതിയ്ക്ക് കോട്ടമുണ്ടാക്കുന്ന ഒന്നും ചെയ്യാൻ പാടുള്ളതല്ല. പെട്രോൾ / ഓയിൽ തുടങ്ങിയവമൂലം തീപിടുത്തം ഉണ്ടാകാതിരിക്കാനുള്ള ന്യായമായ എല്ലാ മുൻകരുതലുകളും ഉറപ്പുവരുത്തേണ്ടതാണ്.
49. താൽപ്പര്യമുള്ള കരാറുകാർ പുല്ലുകൾ, കാടുകൾ, ചെറിയ ചെടികൾ, മരങ്ങൾ, വള്ളിപ്പടർപ്പുകൾ തുടങ്ങിയവ തറ ചേർത്തു വെട്ടിമാറ്റി ക്ലീൻ ചെയ്യുന്നതിനു ഒരു ചതുരശ്ര മീറ്ററിനുള്ള തുക ക്വട്ടേഷൻ ഫോറത്തിൽ എഴുതേണ്ടതാണ്. ക്വട്ടേഷൻകാരൻ ക്വട്ടേഷൻ നോട്ടീസിലെ എല്ലാ പേജിലും ഒപ്പിട്ട് ക്വട്ടേഷൻ ഫോറത്തോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇതിൽ പറഞ്ഞിരിക്കുന്ന ജോലി ചെയ്യാനുള്ള ചതുരശ്ര മീറ്റർ ഏരിയ ഏകദേശമാണ്. ഇത് വ്യത്യാസപ്പെടാൻ സാദ്ധ്യതയുണ്ട്. ആയതിന് യാതൊരുവിധ നിബന്ധനകളും കരാറുകാരൻ വയ്ക്കാൻ പാടുള്ളതല്ല.
50. ഈ ക്വട്ടേഷന്റെ കരാറുകാരന്റെ ജോലി തൃപ്തികരമല്ലെങ്കിൽ കരാർ ഉടൻ റദ്ദു ചെയ്യുന്നതാണ്. കരാർ റദ്ദു ചെയ്യുന്നപക്ഷം കരാറുകാരന് യാതൊരുവിധ കോമ്പൻസേഷനും ലഭിക്കുന്നതല്ല.

........7

51. ഈ ക്വട്ടേഷന്റെ വർക്ക് ഓർഡർ കാലാവധി 12 (പന്ത്രണ്ട്) മാസമാണ്. ഈ ക്വട്ടേഷന്റെ വാലിഡിറ്റി 4 (നാല്) മാസം പ്രാബല്യം ഉണ്ടായിരിക്കും.
52. എസ്റ്റേറ്റ് ഓഫീസിൽ നിന്നും ഏൽപ്പിച്ച ജോലികൾ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ഉടൻ തന്നെ എസ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെട്ട് ആയതിന് വേണ്ട നിർദ്ദേശം വാങ്ങേണ്ടതാണ്.
53. ക്വട്ടേഷൻ ഫോറം പൂരിപ്പിച്ച് 23.07.2018 തിങ്കളാഴ്ച ഉച്ചയ്ക്ക് 2 മണിയ്ക്കു മുമ്പ് പെട്രോകെമിക്കൽ ഡിവിഷനിലെ സെൻട്രൽ ബിഡ് രജിസ്ട്രേഷൻ സെല്ലിൽ എത്തിയ്ക്കേണ്ടതാണ്. അന്നുതന്നെ 2.30 പി.എം.ന് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.
54. ക്വട്ടേഷൻകാരൻ 21 വയസ്സിനു മീതേയും 58 വയസ്സിനു താഴെയുമുള്ള ആരോഗ്യമുള്ള ജോലിക്കാരെ മാത്രമേ മേൽപ്പറഞ്ഞ ജോലിയ്ക്കു ഏർപ്പെടുത്താൻ പാടുള്ളൂ.
55. വർക്ക് ഓർഡർ സമയത്തിനുള്ളിൽ കമ്പനിയ്ക്ക് ആവശ്യമെന്നു വന്നാൽ വർക്ക് ഓർഡർ യാതൊരു കാരണവും കാണിക്കാതെ ഒരാഴ്ച നോട്ടീസിൽ റദ്ദു ചെയ്യാവുന്നതാണ്.
56. യാതൊരു കാരണവും പറയാതെ ഈ ക്വട്ടേഷൻ ഭാഗികമായോ, മുഴുവനുമായോ കമ്പനിയ്ക്കു വേണ്ടെന്നു വയ്ക്കുവാനോ, മാറ്റിവയ്ക്കുവാനോ ഉള്ളതായ അധികാരം സീനിയർ മാനേജർ (എസ്റ്റേറ്റ്)-ൽ നിക്ഷിപ്തമായിരിക്കും

ഉദ്യോഗമണ്ഡൽ — സീനിയർ മാനേജർ (എസ്റ്റേറ്റ്)/യുസി

02.07.2018

# ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്

## എസ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്, ഉദ്യോഗമണ്ഡൽ

**ഫോൺ: 0484–2555605, 2567298, 2567598**

## Tender No.M/04/2018 dated 02.07.2018

## ടെൻഡർ ഫോറം

ജോലിയുടെ വിവരം: ഫാക്ട് ഉദ്യോഗമണ്ഡൽ ടൗൺ ഷിപ്പിലെ റോഡുകളുടെ വശങ്ങൾ, എംകെകെ നായർ ഹാൾ, ഹെഡ് ഓഫീസ്, മാർക്കറ്റിങ്ങ് ഓഫീസ്, ഫിൽറ്റർ പ്ലാന്റ്, പ്ലാന്റ് ഏരിയ, മറ്റു കമ്പനി സ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നില്ക്കുന്ന പുല്ലുകൾ, കാടുകൾ, ചെറിയ ചെടികൾ, വള്ളിപ്പടർപ്പുകൾ, തടസ്സമായി നിൽക്കുന്ന ചെറിയ മരങ്ങൾ തുടങ്ങിയവ വെട്ടിമാറ്റി, വെട്ടിയവ ക്ലിയർ ചെയ്തു, എസ്റ്റേറ്റ് സ്റ്റാഫ് നിർദ്ദേശിക്കുന്ന സ്ഥലത്തു നിക്ഷേപിക്കുക.

മുകളിൽ പറഞ്ഞിരിക്കുന്ന ജോലിയ്ക്കുവേണ്ട ജോലിക്കാർ, മെഷീൻ, റ്റൂൾസ്,സേഫ്റ്റി ഉപകരണങ്ങൾ തുടങ്ങിയവ കൊണ്ടുവരുന്നതാണ്. ഒരു വർഷത്തേയ്ക്കോ താഴെ പറയുന്ന ഏരിയ കഴിയുന്നതുവരെയോ അളവു കഴിയുന്നതുവരെയോ ഏതാണോ ആദ്യം വരിക ആയതിനുള്ള ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ ചതുരശ്ര മീറ്റർ വച്ചുള്ള നിരക്ക് താഴെ നൽകുന്നു. ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്ന ടെണ്ടർ നോട്ടീസ് നോട്ടീസ് പ്രകാരമുള്ള ടെണ്ടർ വ്യവസ്ഥകൾ എനിക്ക്/ഞങ്ങൾക്ക് സ്വീകാര്യമാണ്. ടെണ്ടറുകാരൻ അറ്റസ്റ്റുചെയ്തതായ ഡ്യൂപ്ലിക്കേറ്റു കോപ്പികൾ ഇതോടൊപ്പം അടക്കം ചെയ്യുന്നു.

ഇവിടെ കൊടുത്തിരിക്കുന്ന ക്വട്ടേഷൻ നിരക്ക് ടെണ്ടർ തുറന്നതിനുശേഷം നാലുമാസത്തെ പ്രാബല്യം ഉണ്ടായിരിക്കുമെന്നു സമ്മതിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | ജോലി വിവരം | 1 ചതുരശ്രമീറ്റർ ക്ലീൻ/ക്ലിയർ ചെയ്യുന്നതിനുള്ള നിരക്ക്. തുക അക്കത്തിലും അക്ഷരത്തിലും എഴുതണം | ആകെ ഏരിയ (ഏകദേശം) | ആകെ തുക 1,30,000 ചതുരശ്രമീറ്റർ ക്ലീൻ/ക്ലിയർ ചെയ്യുന്നതിനുള്ള തുക. തുക അക്കത്തിലും അക്ഷരത്തിലും എഴുതണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | കമ്പനി നിർദ്ദേശിക്കുന്ന സ്ഥലത്തുള്ള പുല്ല്, കാട്, വള്ളിപ്പടർപ്പുകൾ, ചെറിയ ചെടികൾ (മേൽപറഞ്ഞിരിക്കുന്ന ജോലി വിവര പ്രകാരം) ക്ലീൻ/ക്ലിയർ ചെയ്തു കമ്പനി നിർദ്ദേശിക്കുന്ന സ്ഥലത്തുകൊണ്ട് നിക്ഷേപിക്കുക | Rs. | 1,30,000 ചതുരശ്ര മീറ്റർ | Rs. | ടാക്സ് ഉൾപ്പെട്ട നിരക്ക് |
| | | Rs. | | Rs. | ടാക്സ് ഉൾപ്പെടാത്ത നിരക്ക് - ടാക്സ് കമ്പനി വഹിക്കുന്നതാണ് |

........2

മേൽപറഞ്ഞ നിരക്കിൽ ഗൂഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (GST) ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരവും ഉൾപ്പെടാത്ത നിരക്കാണെങ്കിൽ ആ വിവരം വ്യക്തമായി എഴുതണം.

ഇ എം ഡി തുകയുടെ വിവരങ്ങൾ:

| | തീയതി | തുക |
|---|---|---|
| പേ-ഇൻ-സ്ലിപ് | | |
| സി ആർ നമ്പർ | | |
| ഡി ഡി നമ്പർ | | |

ടെണ്ടറുകാരന്റെ പേര് :

മേൽവിലാസം :

ഒപ്പ് :

ഫോൺ ലാൻഡ് ലൈൻ :

മൊബൈൽ :

സ്ഥലം :

തീയതി :

# കരാറുകാരന്റെ പ്രീ-ക്വാളിഫിക്കേഷൻ യോഗ്യതാ നിർണ്ണയം

1. കരാറുകാരൻ ടെൻഡർ തീയതിക്കു മുമ്പായ 5 വർഷത്തിനിടയിൽ ഒരു ലക്ഷം രൂപയ്ക്കു തത്തുല്യമായ ഒരു കരാർ ജോലി എങ്കിലും നടത്തിയിട്ടുള്ള ആളായിരിക്കണം.

   അല്ലെങ്കിൽ

   കരാറുകാരൻ ടെൻഡർ തീയതിക്കു മുമ്പായ 7 വർഷത്തിനിടയിൽ എൺപതിനായിരം രൂപയ്ക്കു തത്തുല്യമായ 2 കരാർ ജോലി എങ്കിലും നടത്തിയിട്ടുള്ള ആളായിരിക്കണം.

2. കരാറുകാരന് പുല്ലുവെട്ടുന്നതിനുള്ള 5 (അഞ്ച്) മെഷീനെങ്കിലും സ്വന്തമായ ഉണ്ടായിരിക്കേണ്ടതാണ്.

3. കരാറുകാരന് PAN രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ്:**

(i) "തത്തുല്യമായ ജോലി" എന്നതിന്റെ അർത്ഥം - പുല്ലുവെട്ട്, കാടുവെട്ട്, ചെടികൾ, വള്ളിപ്പടർപ്പുകൾ, ചെറിയ മരങ്ങൾ തുടങ്ങിയവ തറയോടു ചേർത്തു വെട്ടി ക്ലീൻ ചെയ്യുന്നതും അവ മാറ്റലുമാണ്.

(ii) മുകളിൽപ്പറഞ്ഞ യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.

(iii) മതിയായ യോഗ്യതയുള്ളവരുടെ ക്വട്ടേഷൻ മാത്രമേ പരിഗണിക്കുകയുള്ളൂ.

(iv) നിർദ്ദിഷ്ട ക്വട്ടേഷൻ ഫോർമാറ്റിൽ അല്ലാതെ ലഭിക്കുന്ന ഒരു ക്വട്ടേഷനും സ്വീകരിക്കുന്നതല്ല.

ഉദ്യോഗമണ്ഡൽ — സീനിയർ മാനേജർ (എസ്റ്റേറ്റ്)/യുസി

02.07.2018

# ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്

**ഉദ്യോഗമണ്ഡൽ**

**എസ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ്,**

ഫോൺ: 0484-2555605, 2567298, 2567598 Intercom: 7298, 7598.

Web site: www.fact.co.in

**വിഷയം:ഫാക്ട് ഉദ്യോഗമണ്ഡൽ ടൗൺഷിപ്പിലും പ്ലാന്റ് ഏരിയായിലും മറ്റു സ്ഥലങ്ങളിലും പുല്ല്, കാടുവെട്ടൽ, വള്ളിപ്പടർപ്പുകൾ, വഴിയിൽ തടസ്സമായി നിൽക്കുന്ന ചെറിയ ചെടികൾ/തൈകൾ വെട്ടിമാറ്റി ക്ലീൻ ചെയ്ത് ക്ലിയർ ചെയ്യുന്നതിന് കമ്പനി വ്യവസ്ഥകൾ പ്രകാരം വർക്കു ചെയ്യുവാൻ താല്പര്യം ഉള്ളവരിൽനിന്നു ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.**

സൂചന: Quotation No.M/04/2018 dated 02.07.2018

ക്വട്ടേഷൻ നോട്ടീസ്, ടെണ്ടർ ഫോറം, മുതലായവ എസ്റ്റേറ്റ് ഓഫീസിൽനിന്നും 200 രൂപ നിരക്കിൽ 09.07.2018 മുതൽ 23.07.2018 ഉച്ചയ്ക്ക് 1 മണിവരെ ലഭിയ്ക്കുന്നതാണ്.

ടെണ്ടർ സമർപ്പിക്കാനുള്ള തീയതി / സമയം : **23.07.2018 / 2 പി എം**

ടെണ്ടർ തുറക്കുന്ന തീയതി / സമയം : **23.07.2018 / 2.30 പി എം**

ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ടെണ്ടർ തീയതി നീട്ടൽ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഫാക്ട് വെബ് സൈറ്റ് www.fact.co.in സന്ദർശിക്കുക.

ഉദ്യോഗമണ്ഡൽ **സീനിയർ മാനേജർ (എസ്റ്റേറ്റ്)/യുസി**

02.07.2018